**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2901** **18.06.2018 ൽ മറുപടിയ്ക്ക്**

**ചോദ്യം**
**ശ്രീ.രാജു എബ്രഹാം**

**മറുപടി**
**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

**കൈവശഭൂമിക്ക് പട്ടയം**

| | | |
|---|---|---|
| (എ) | പെരുമ്പെട്ടി വില്ലേജിലെ പന്നയ്ക്കപ്പതാൽ അടക്കമുള്ള പ്രദേശങ്ങളിലെ എത്ര താമസക്കാർക്കാണ് ഇനിയും പട്ടയം ലഭിക്കുവാനായി ഉള്ളത്; ഇവരുടെ കൈവശഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സം എന്താണ്; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) മല്ലപ്പള്ളി താലൂക്കിൽ പെരുമ്പെട്ടി വില്ലേജിൽപ്പെട്ട വനഭൂമി 01/01/1977 ന് മുമ്പ് കയ്യേറിയതുമായി ബന്ധപ്പെട്ട് റവന്യൂ വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 414 കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ടി ഭൂമി റിസർവ്വ് സ്റ്റാറ്റസിൽപ്പെട്ട വനഭൂമി ആയതിനാൽ പട്ടയം നൽകുന്നതിന് മുന്നോടിയായി ഡിസ് റിസർവ്വ് ചെയ്യേണ്ടതുണ്ട്. റിസർവ്വ് സ്റ്റാറ്റസുള്ള വനഭൂമി വനേതര ആവശ്യത്തിന് ഉപയോഗിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായതിനാൽ ആയത് ലഭിക്കുന്നതിനായി ടി സ്ഥലത്തിന്റെ വിവരങ്ങൾ കേന്ദ്രസർക്കാരിന്റെ വെബ് സൈറ്റിലേക്ക് അപ് ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | തടസ്സങ്ങൾ പരിഹരിച്ച് എന്നത്തേയ്ക്ക് ഈ ഭൂമി കൈവശ കർഷകർക്ക് നൽകാനാവും എന്ന് പറയാമോ? | (ബി) കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് അർഹരായവർക്ക് പട്ടയം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ